പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1481 06.03.2018-ലെ മറുപടിക്ക്

# സഹകരണ കൺസോർഷ്യം കെ.എസ്.ആർ.ടി.സി -ക്ക് നൽകുന്ന തുകയും പലിശയും

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെൻഷനുമായി ബന്ധപ്പെട്ട്, സഹകരണ കൺസോർഷ്യം എത്ര കോടി രൂപയാണ് കെ.എസ്.ആർ.ടി.സി. ക്ക് നൽകുന്നത്; ഈ തുകയ്ക്ക് എത്ര ശതമാനം പലിശയാണ് സഹകരണ ബാങ്കുകൾ ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം 2018 ഫെബ്രുവരി വരെയുള്ള പെൻഷൻ കുടിശ്ശിക തീർക്കുവാൻ 219 കോടി അനുവദിച്ച് കഴിഞ്ഞു. പ്രസ്തുത തുകയിൽ 92 ശതമാനത്തോളം വിതരണം നടത്തികഴിഞ്ഞു സർക്കാർ അനുവദിക്കുന്ന 1000 കോടി രൂപയിൽ നിന്നും 10% പലിശയടക്കം ടി തുക കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (ബി) | ഈ പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകളുടേതുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | ദേശസാൽകൃത ബാങ്കുകൾ നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 12% പലിശ നിരക്കിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്. |
| (സി) | എങ്കിൽ പെൻഷനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.ക്ക് നേരിട്ട് നൽകിയിരുന്നെങ്കിൽ ഭീമമായ ഒരു തുക കോർപ്പറേഷന് ലഭിക്കുമായിരുന്നു എന്ന് കരുതുന്നുണ്ടോ;വിശദമാക്കാമോ? | (സി) | പെൻഷൻ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നയപരമായി എടുത്ത തീരുമാനമാണ് സഹകരണ ബാങ്ക് കൺസോർഷ്യം മുഖേനയുള്ള പെൻഷൻ വിതരണം. ഈ തുക പെൻഷൻ വിതരണത്തിനു വേണ്ടിയാണ് വിനിയോഗിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**